# STD - X

## അദ്ധ്യാപക സഹായി

**പാഠം - പത്ത്                    ഭാഗം - ഒന്ന്**

## യുവജനങ്ങളും വിശുദ്ധ കുർബാനയും

### ലക്ഷ്യം

ക്രൈസ്തവ ജീവിതത്തിന്റെ കേന്ദ്രമായ വിശുദ്ധ കുർബാന നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ സ്നേഹവിരുന്നാണ്.

നല്ലവനായ ദൈവം ബലിയർപ്പണമാകുന്ന ഈ സ്നേഹവിരുന്നിലേക്ക് നമ്മെ ക്ഷണിക്കുന്നു.

സ്നേഹത്തിന്റെയും ഐക്യത്തിന്റെയും കൂദാശയാണ് ഇതെന്ന് ക്രിസ്തു നമ്മെ ബോധ്യപ്പെടുത്തുന്നു.

സഭാമക്കളായ നാം ക്രിസ്തുവിൽ ഒന്നായിചേരണം.

### പഠനസഹായികൾ

* വാഴ്ത്തപ്പെട്ട കാർലോയെക്കുറിച്ചുള്ള പുസ്തകം
* ഒരു വീഡിയോ ഭാഗം “The Veil Removed”.
* യേശുവിന്റെ ബലി സ്വന്തം ജീവിതത്തിൽ പകർത്തി കൽക്കത്തയിലെ തെരുവുകളിലെ കുഞ്ഞുമക്കൾക്ക് ജീവിതം നൽകുന്ന മദർ തെരേസയെ യൂ-ട്യൂബ് വീഡിയോയിലുടെ അവതരിപ്പിക്കുന്നു.

### പാഠത്തിന്റെ ഉള്ളടക്കം

* വിശുദ്ധ കുർബാന ഒരേസമയം ബലിയും വിരുന്നും കൂദാശയും അനുസ്മരണവും ആഘോഷവും ആരാധനയും ആണ്. പഴയനിയമത്തിലെ എല്ലാ ബലിയും പൂർത്തീകരിക്കുന്നത് ക്രിസ്തുവിന്റെ ബലിയിലൂടെയാണ്. അത് കുർബാന സ്ഥാപന വാക്കുകളിൽതന്നെ പ്രകടമാണ്.
* നിങ്ങൾക്കായി നൽകപ്പെടുന്ന എന്റെ ശരീരമാണിത്. ഈ പാനപാത്രം നിങ്ങൾക്കുവേണ്ടി ചിന്തപ്പെടുന്ന എന്റെ രക്തത്തിലുള്ള പുതിയ ഉടമ്പടിയാണ്.
* പഴയനിയമപ്രകാരം ആടുമാടുകളുടെ രക്തം ബലിക്കല്ലിൽ ഒഴുകി. എന്നാൽ ക്രിസ്തു സ്വയം ബലിവസ്തുവായി മാറി.
* അഞ്ചപ്പംകൊണ്ട് 5000 മക്കളെ തീറ്റിപ്പോറ്റിയ നല്ല തമ്പുരാന്റെ സ്നേഹമുള്ള വിരുന്നാണ് കുർബാന. ജീവനുള്ള അപ്പമായി ക്രിസ്തുവിനെ സ്വീകരിക്കേണ്ടത് കുർബാനയിലെ പങ്കാളിത്തത്തിന്റെ പൂർണ്ണതയ്ക്ക് ആവശ്യമാണ്.
* ബലിയർപ്പണത്തിന്റെ ലക്ഷ്യങ്ങൾ

1. ദൈവത്തിന്റെ കർത്തൃത്വം ഏറ്റുപറയുക
2. ദൈവത്തെ ആരാധിക്കുക, സ്തുതിക്കുക, കൃതജ്ഞത അർപ്പിക്കുക
3. ദൈവത്തിൽനിന്ന് അനുഗ്രഹങ്ങൾ പ്രാപിക്കുക.
4. ചെയ്തുപോയ പാപങ്ങൾക്ക് പരിഹാരം അനുഷ്ഠിക്കുക

* വിശുദ്ധ കുർബാന സ്നേഹവിരുന്ന്. ദിവ്യകാരുണ്യം സ്വീകരിക്കേണ്ടത് കുർബാനയിലെ പങ്കാളിത്തത്തിന്റെ പൂർണ്ണതയ്ക്ക് ആവശ്യമാണ്.

  "സത്യമായി ഞാൻ നിങ്ങളോട് പറയുന്നു, നിങ്ങൾ മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുകയും അവന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്ക് ജീവൻ ഉണ്ടായിരിക്കുകയില്ല." യോഹന്നാൻ 6:53.

* വിശുദ്ധ കുർബാന യോഗ്യതയോടെ സ്വീകരിക്കാൻ വേണ്ട കാര്യങ്ങൾ

  പ്രസാദവരം ഉണ്ടായിരിക്കുന്നത്.

  ദിവ്യകാരുണ്യ സ്വീകരണത്തിനുമുമ്പ് ഒരു മണിക്കൂർ നേരത്തേക്ക് ഉപവസിക്കുന്നത്

  വേണ്ടത്ര ഭക്തിയും ഒരുക്കവും ഉണ്ടായിരിക്കുന്നത്.

* വിശുദ്ധ കുർബാന

  ക്രിസ്തുവിനോടുള്ള ഐക്യമാണ്.

  പാപത്തിൽനിന്ന് നമ്മെ അകറ്റുന്നു.

  പരസ്പര സ്നേഹം ശക്തിപ്പെടുത്തുന്നു.

  മാരകപാപങ്ങളിൽനിന്ന് സംരക്ഷിക്കുന്നു.

  സഭയോട് ഐക്യപ്പെടുത്തുന്നു.

## പ്രാർത്ഥന

കർത്താവായ യേശുക്രിസ്തുവേ, അങ്ങയുടെ തിരുശരീരത്തിന്റെയും തിരുരക്തത്തിന്റെയും ശക്തിയാൽ ഞങ്ങളെ വിശുദ്ധീകരിക്കണമേ. അങ്ങയുടെ സ്നേഹവിരുന്നിൽ പങ്കുകൊള്ളുവാൻ ഞങ്ങളുടെ കണ്ണുകളെ വിശുദ്ധീകരിക്കണമേ. കാതുകളെ വിശുദ്ധീകരിക്കണമേ. ഹൃദയത്തെ വിശുദ്ധീകരിക്കണമേ, ആമ്മേൻ.

# STD - X

## അദ്ധ്യാപക സഹായി

**പാഠം - പത്ത് ഭാഗം - രണ്ട്**

## യുവജനങ്ങളും വിശുദ്ധ കുർബാനയും

### ലക്ഷ്യം

വിശുദ്ധ കുർബാന ഓരോ ദിവസവും നമ്മെ പുതിയതാക്കി മാറ്റുന്നു.

ഒരപ്പൻ മക്കൾക്ക് നൽകുന്ന ഏറ്റവും വലിയ സമ്മാനമാണ് വിശുദ്ധ കുർബാനയിലൂടെ യേശു നമുക്ക് നൽകുന്നത്.

സഭയുടെ പരമോന്നതമായ ആരാധനയാണ് വിശുദ്ധ കുർബാന. ഈ ലക്ഷ്യം നമ്മുടെ മുന്നിൽതന്നെ ഉണ്ടാവണം.

പുൽക്കൂട് മുതൽ കാൽവരി വരെ നമുക്കുവേണ്ടി യേശു സഹിച്ചത് പരിശുദ്ധ കുർബാന ആയി നമ്മുടെ ഉള്ളിൽ വസിക്കുന്നതിനാണ് എന്ന ബോധ്യത്തോടെ പരിശുദധ കുർബാനയിൽ ഞാൻ (ഒരുക്കത്തോടെ) വിശുദ്ധിയോടെ പങ്കെടുക്കും.

### പഠനസഹായികൾ

* പരിശുദ്ധ കുർബാനയെക്കുറിച്ച് ഡാനിയൽ പൂവണ്ണത്തിൽ അച്ചന്റെ പ്രസംഗം.
* കുർബാനയെക്കുറിച്ചുള്ള പാട്ടുകൾ (വീഡിയോ)
* ഡോ. വിൻസെന്റ് വാരിയത്ത് അച്ചന്റെ ദിവ്യകാരുണ്യത്തെക്കുറിച്ചുള്ള വീഡിയോ
* ശ്രീ. സെലസ്റ്റിൻ കുരിശിങ്കൽ എഴുതിയ പുസ്തകം (ദിവ്യകാരുണ്യ അത്ഭുതങ്ങൾ)

### പാഠത്തിന്റെ ഉള്ളടക്കം

* വിശുദ്ധ കുർബാന: അനുസ്മരണം
* അന്ത്യ അത്താഴ സമയത്ത് യേശു വിശുദ്ധ കുർബാന ആകുന്ന ബലി സ്ഥാപിച്ചു.
* പെസഹ കുഞ്ഞാട്: പെസഹ എന്ന വാക്കിന് കടന്നുപോകൽ എന്നർത്ഥം.
* യേശു മരിച്ചത് പെസഹാ കാലത്താണ് (യോഹന്നാൻ 13:1)
* യേശുവിനെ പെസഹ കുഞ്ഞാടായാണ് പൗലോസ് ചിത്രീകരിക്കുന്നത്.
* കുഞ്ഞാട് എന്ന ശീർഷകം 28 പ്രാവശ്യം വെളിപാട് പുസ്തകത്തിൽ നാം കാണുന്നു.
* വിശുദ്ധ കുർബാന ദൈവജനത്തിന്റെ ആഘോഷം

  ഈ ലോകത്തിൽനിന്ന് പിതാവിന്റെ പക്കലേക്ക് പോകാനുള്ള സമയമായി എന്ന് അറിയിച്ചുകൊണ്ട് പെസഹാ ഭക്ഷണസമയത്ത് യേശു ശിഷ്യന്മാരുടെ പാദങ്ങൾ കഴു

കുകയും സ്നേഹത്തിന്റെ കല്പന അവർക്ക് നൽകുകയും ചെയ്തു.

* വിശുദ്ധ കുർബാന സ്വർഗീയ ആരാധനയിലേക്കുള്ള പങ്കുചേരൽ

  ശിരസ്സായ ക്രിസ്തു, സഭാ ശരീരത്തിനുവേണ്ടി പിതാവിന് അർപ്പിക്കുന്ന നിത്യവും പരിശുദ്ധവുമായ ആരാധനയാണ് വിശുദ്ധ കുർബാന.

* വിശുദ്ധ കുർബാനയ്ക്ക് നൽകുന്ന വിവിധ പേരുകൾ

  കൃതജ്ഞതാ സ്തോത്രം

  കർത്താവിന്റെ അത്താഴം

  അപ്പം മുറിക്കൽ

* സൂചനമുദ്രകൾ

  IHC യേശുക്രിസ്തുവിനെ സൂചിപ്പിക്കുന്നു

  IHS. യേശു മനുഷ്യരുടെ രക്ഷകനാണ്

  INRI. നസ്രായനായ യേശു യഹൂദരുടെ രാജാവ്

## പ്രാർത്ഥന

സ്നേഹപിതാവായ ദൈവമേ, സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവന്ന ജീവനുള്ള അപ്പമായ ക്രിസ്തുതന്നെയാണ് ദിവ്യകാരുണ്യത്തിൽ വസിക്കുന്നത് എന്ന ഉറച്ച ബോധ്യം ഞങ്ങൾക്ക് നൽകേണമേ. അങ്ങയുടെ വരദാന ഫലങ്ങൾ അനുഭവിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കേണമേ, ആമ്മേൻ.

## ചോദ്യങ്ങൾ (Assignment)

1. വിശുദ്ധ കുർബാനയുടെ അത്ഭുതങ്ങളെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് തയ്യാറാക്കുകയും വിലയിരുത്തുകയും ചെയ്യുക.
2. "ഈ ഭൂമിയിലെ ജീവിതയാത്രയിൽ നമ്മെ സഹായിക്കുന്ന ഒരു യാഥാർത്ഥ്യമാണ് വിശുദ്ധ കുർബാന" - ഒരു വിവരണം തയ്യാറാക്കുക.
3. വിശുദ്ധ കുർബാന ഐക്യത്തിന്റെ കൂദാശ എന്നു പറയുന്നത് എന്തുകൊണ്ട്? ഒരു ലഘുകുറിപ്പ് തയ്യാറാക്കുക.
4. അപ്പം മുറിക്കൽ ശ്രുശ്രൂഷയെക്കുറിച്ച് ഒരു ലഘുവിവരണം തയ്യാറാക്കുക.
5. വിശുദ്ധ കുർബാന ദൈവജനത്തിന്റെ ആഘോഷമായി മാറുന്നത് എങ്ങനെ? പാഠഭാഗത്തിന്റെയും വചനത്തിന്റെയും അടിസ്ഥാനത്തിൽ കുറിപ്പ് തയ്യാറാക്കുക.
6. "ജീവിതത്തിൽ ദിവ്യകാരുണ്യത്തിന്റെ പ്രാധാന്യം" എന്തെന്ന് സ്വാഭിപ്രായം എഴുതുക.